COLLEGE LIBRARY TRIVANDRUM

(Pages : 4) **P – 7507**

Reg. No. : .....

Name : .....

First Semester B.A./B.Sc. Degree Examination, March 2023

First Degree Programme under CBCSS

Language Course II – Additional Language I - Malayalam

ML 1111.1 : മലയാളകവിത

(2018-2020 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ചണ്ഡാലഭിക്ഷുകി എന്ന കവിതയ്ക്ക് ആധാരമായ ഗ്രന്ഥം.

2. അധികാരം കൊയ്യണമാദ്യം നാം

അതിനു മേലാകട്ടെ പൊന്നാര്യൻ - ഈ വരികൾ ഏതു കവിതയിലേതാണ് ?

3. ശക്തിയുടെ കവി എന്നറിയപ്പെടുന്നതാര് ?

4. മനസ്വിനിയുടെ ചികുരഭരത്തെ സൂചിപ്പിക്കാൻ കവി ഉപയോഗിക്കുന്ന ബിംബം എന്ത് ?

5. അമ്മത്തൊട്ടിൽ എന്ന കവിത രചിച്ചതാര് ?

6. ഒ.എൻ.വി. കുറുപ്പിന് ജ്ഞാനപീഠം ലഭിച്ച വർഷം.

7. എഴുത്തച്ഛൻ ജീവിച്ചിരുന്നതായി കരുതപ്പെടുന്ന നൂറ്റാണ്ട് .

P.T.O.

8. വൈലോപ്പിള്ളിയുടെ കവിതകളെ മനഃശാസ്ത്രവിശകലനത്തിനു വിധേയമാക്കിക്കൊണ്ട് എം.എൻ. വിജയൻ എഴുതിയ ഗ്രന്ഥം.

9. ഗാന്ധിയും ഗോഡ്സെയും എന്ന കവിത എഴുതിയതാര് ?

10. സുഗതകുമാരിക്ക് സരസ്വതി സമ്മാൻ നേടിക്കൊടുത്ത കൃതി.

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിനുത്തരമെഴുതുക.

11. 'ഓർത്താലധമർണ്ണർ ആൺമക്കളെന്നുമേ' - എന്ന് കവി പറയാൻ കാരണമെന്ത്?

12. 'വിജനത്തിലേകാന്തഭവനത്തിലൊറ്റയ്ക്കു

തഴുതിട്ട കതകിന്റെ പിറകിൽ തളർന്നിരു-

ന്നിടറുന്ന മിഴികളാൽ സ്വന്തം മനസ്സിനെ

മുകരുന്ന ഗോപികേ' - ഈ വരികളിലൂടെ കവി എന്തെല്ലാം സൂചിപ്പിക്കുന്നു?

13. രംഗം മാറീ - കാലം പോയീ;

ഭംഗം വന്നു ഭാഗ്യത്തിൽ - ഭാഗ്യത്തിനു വന്ന ഭംഗം എന്ത്?

14. അറിഞ്ഞു കൊണ്ടു ദുരന്തത്തെ പുൽകാൻ വെമ്പുന്ന മനുഷ്യമനസ്സിനെ 'മൊബൈൽ ഫോൺ' എന്ന കവിതയിൽ ചിത്രീകരിച്ചിരിക്കുന്നതെങ്ങനെ?

15. 'തൻപക വീട്ടലാലിന്ദ്രൻ ജയിക്കുന്നു' - ഇന്ദ്രനു പകയുണ്ടാവാനുള്ള കാരണമെന്ത്?

16. ഒരു തെ നടുമ്പോഴുണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്നാണ് കവി ചൂണ്ടിക്കാണിച്ചിരിക്കുന്നത്?

17. കൂത്തു കാണാൻ പോകുന്നതിനായി ഉണ്ണിയാർച്ച നടത്തുന്ന ഒരുക്കങ്ങൾ എന്തെല്ലാം?

18. നിർഘൃണനായ പിതാവിവറ്റെയുപേക്ഷിച്ചാൻ - സൂചിതകഥയെന്ത്?

19. കാളിയനും കൃഷ്ണനും പ്രതീകവല്ലരിക്കുന്നതെന്തിനെയെല്ലാം?

20. ജീവിതയാത്രയിലെ എന്തെന്തു മധുരമായ ഓർമ്മകളാണ് സഫലമീയാത്രയിൽ കവി ഓർത്തെടുക്കുന്നത്?

21. 'അത്ഭുതം ഓർത്തേക്കാം നിങ്ങൾ ചില നാൾമു-

മ്പിപ്പുണ്ടവുമുയിരാർന്നിരുന്നു' - സൂചിതം വ്യക്തമാക്കുക.

22. വീരകഥാഗാനങ്ങൾ എന്നാലെന്ത്?

(8 × 2 = 16 Marks)

III. ഒന്നരപ്പുറത്തിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക.

23. 'അമ്മയ്ക്കൊരു താരാട്ട്' എന്ന കവിതയിൽ തെളിയുന്ന മാതൃദർശനം വിവരിക്കുക.

24. ചങ്ങമ്പുഴയുടെ വർണ്ണനാപാടവം മനസ്വിനി എന്ന കവിതയെ ആധാരമാക്കി എഴുതുക.

25. പ്രണയത്തിന്റെയും ഭക്തിയുടെയും അതിർവരമ്പുകൾക്ക് വ്യത്യാസമില്ലെന്നും അവ രണ്ടും ദിവ്യമാണെന്നും ഗോപികാദണ്ഡകത്തിൽ കവി അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?

26. വൃന്ദാവന നിവാസികൾ ബലഭദ്രനോടു പറഞ്ഞ ആവലാതികൾ എന്തെല്ലാം?

27. നിനക്ക് എന്ന കവിതയിലെ പ്രണയസങ്കല്പം ചർച്ച ചെയ്യുക.

28. റോസ് മേരിയുടെ 'ചാഞ്ഞു പെയ്യുന്ന മഴ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

29. കക്കാടിന്റെ ജീവിതദർശനം സഫലമീയാത്രയെ ആധാരമാക്കി വിവരിക്കുക.

30. കുഞ്ഞേ മുലപ്പാൽ കുടിയ്ക്കരുത് എന്ന കവിത മുന്നോട്ടുവയ്ക്കുന്ന സമസ്യകൾ എന്തെല്ലാം?

31. മനുഷ്യൻ അനുഭവിക്കുന്ന ദുരിതം മനുഷ്യസൃഷ്ടിതന്നെയാണ് എന്ന് ഏലികൾ എന്ന കവിത പറഞ്ഞുവയ്ക്കുന്നതെങ്ങനെ?

(6 × 4 = 24 Marks)

IV. മൂന്നു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. കർഷകന്റെ അദ്ധ്വാനത്തിന്റെ തീക്ഷ്ണതയും യാതനയും പുത്തൻ കലവും അരിവാളും എന്ന കവിതയിൽ എങ്ങനെ ചിത്രീകരിച്ചിരിക്കുന്നു?

33. ഇതിഹാസകഥകളുടെ പുനർവായന എന്ന നിലയിൽ കാളിയമർദ്ദനം, ജലസേചനം, ഗോപികാദണ്ഡകം എന്നീ കവിതകളെ വിലയിരുത്തുക.

34. ആശാൻകവിതകളുടെ പ്രത്യേകതകൾ ചണ്ഡാലഭിക്ഷുകി എന്ന കവിതയെ ആസ്പദമാക്കി ഉപന്യസിക്കുക.

35. സ്നേഹത്തിന്റെ വിവിധ ഭാവങ്ങൾ കവികൾ കൈകാര്യം ചെയ്യുന്നതെങ്ങനെയെന്ന് പാഠഭാഗത്തെ കവിതകളെ ആധാരമാക്കി വിവരിക്കുക.

(2 × 15 = 30 Marks)